| 25-07-2023 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളെ, കേവലം രണ്ടക്ഷരം ഓർമ്മിക്കൂ- നമ്മൾ സത്ഗുരുവിന്റെ പേരമക്കൾ ബ്രഹ്മാബാബയിലൂടെ മുത്തച്ഛന്റെ സമ്പത്ത് എടുക്കുന്നു.**

**ചോദ്യം:-** കയറിയാൽ വൈകുണ്ഠ രസം, വീണാൽ തവിടുപൊടി.... ഈ ഗീതം നിങ്ങൾ കുട്ടികൾക്കുള്ളതാണ്, മറ്റുള്ളവർക്കുള്ളതല്ല - എന്തുകൊണ്ട് ?
**ഉത്തരം:-** കാരണം നിങ്ങളുടെ മുന്നിൽ ഉറച്ച ലക്ഷ്യമുണ്ട്. നിങ്ങൾ ബാബയുടെ കൂടെ പരംധാം വീട്ടിൽ പോകുന്നു. പിന്നെ പുതിയ ലോകത്തിൽ വരുന്നു. മറ്റാർക്കും ഈ ഗാനം ബാധകമല്ല. എന്നാൽ ഇതിലും കച്ചാ- പക്കാ ഇങ്ങനെ നമ്പർവാർ ആണ്, എന്നാൽ അവരിൽ ഈ ഉയർന്ന ലക്ഷ്യമില്ല. അവർക്ക് വൈകുണ്ഠത്തിന്റെ രസവും എന്താണെന്ന് അറിയില്ല. നിങ്ങൾ കുട്ടികൾ തന്നെയാണ് പറയുന്നത് ഇപ്പോൾ നമുക്ക് ഈ വഴിയിലൂടെ നടക്കണം, എവിടെ വീണുപോയാലും സംരക്ഷിതരായിരിക്കണം.

**ഗീതം:-** ഞങ്ങൾക്ക് അങ്ങയുടെ വഴിയിലൂടെ നടക്കണം.

**ഓം ശാന്തി** - എപ്പോൾ ഈ ഗീതം പാടുന്നുവോ അപ്പോൾ കുട്ടികൾ മനസ്സിലാക്കുന്നു ഞങ്ങൾക്ക് ഇതിലും ജ്ഞാനം ഉണ്ട്. അജ്ഞാനി മനുഷ്യർക്ക് അജ്ഞാനമാണ്. ജ്ഞാനിതൂ ആത്മാവിനാണ് ജ്ഞാനം ഉള്ളത്. മനസ്സിലാക്കുന്നു, മായയുടെ എത്രമാത്രം കൊടുങ്കാറ്റിലൂടെ താഴെ വീഴ്ത്തുന്നുവോ എന്നാൽ ഈശ്വരൻ ഉയർത്തിക്കൊണ്ടിരിക്കുന്നു. അർത്ഥം വീണവരെ ജ്ഞാനത്തിന്റെ സഞ്ജീവനി മരുന്ന് നൽകുന്നു. എന്നാൽ കാമത്തിന്റെ കൊടുങ്കാറ്റ് വന്നാൽ വീണുപോകുന്നു, പിന്നെ ക്രോധത്തിന്റെ കൊടുങ്കാറ്റും വരുന്നു. അപ്പോഴും വീഴുകതന്നെ ചെയ്യും. ഈ വീഴ്ചയും ഉയർച്ചയും നടക്കുന്നു. കയറിയാൽ വൈകുണ്ഠരസം.... അതുകൊണ്ട് ഈ ഗീതം നിങ്ങൾക്കുള്ളതാണ്. വേറെ ആർക്കും ഇത് യോജിച്ചതല്ല. സന്യാസിമാർക്കും ഇത് യോജിച്ചതല്ല. എന്നാലും ഇവരുടെ ഇടയിൽ പാകപ്പെടാത്ത കച്ചാ സന്യാസിമാരുണ്ടാകും, പക്ഷെ ഒരു ലക്ഷ്യവുമുണ്ടാകില്ല. നിങ്ങളുടെത് വളരെ ഉറച്ച ലക്ഷ്യമാണ് . കുട്ടികൾക്കറിയാം പരിധിയില്ലാത്ത ബാപ്ദാദ പഠിപ്പിക്കുന്നു. അവർ ശാസ്ത്രം മുതലായവ പഠിച്ച് വിദ്വാനാകുന്നു, പക്ഷെ രാജപദവി മുതലായവയുടെ ഒരു ലക്ഷ്യവും ഇല്ല. ഇവിടെ വളരെ ഉയർന്ന ലക്ഷ്യമാണ് ഉള്ളത്. കുട്ടികൾക്കറിയാം പരിധിയില്ലാത്ത ബാബ പഠിപ്പിക്കുന്നു, മമ്മയും പഠിപ്പിക്കുന്നു. പിന്നെ കുട്ടികളും പഠിപ്പിക്കുന്നു. നിങ്ങൾ ദാദയുടെ കുട്ടികളാണ്. അമൃതസറിൽ ദാദയുടെ പേരക്കുട്ടികൾ ഉണ്ട്, പിന്നെ പറയും ഏഴാമത്തെ തലമുറയാണ്, ഇത് രണ്ടാമത്തെ തലമുറയാണ് എന്ന്. നിങ്ങൾ അറിയുന്നുണ്ട് സത്യയുഗത്തിലും തലമുറകൾ നടന്നുകൊണ്ടിരിക്കും ദേവതകളുടെ. ഒന്നാമത്തെ തലമുറ, രണ്ടാമത്തെ തലമുറ. ഇവിടെ ഇപ്പോൾ നിങ്ങളുടെ തലമുറയില്ല. ഒരു ദാദ, ഒരു ബാബ, ഒരു മമ്മ പിന്നെ കുട്ടികൾ. മുത്തച്ഛനും പേരക്കുട്ടികളും, അതിലപ്പുറം വേറെ ഒന്നുമില്ല. ഇപ്പോൾ ഈ കാര്യം ഓർമ്മിക്കുക എന്നത് അതിസഹജമാണ്. നമ്മൾ ബ്രഹ്മാകുമാർ കുമാരിമാരാണ്. ബ്രഹ്മാവ് നമ്മുടെ അച്ഛനാണ്. മുത്തച്ഛൻ ശിവനാണ്. ശിവബാബയിൽനിന്നും സമ്പത്ത് കിട്ടുന്നു. എത്ര സഹജമായ കാര്യമാണ്. നമ്മൾ ദാദയുടെ പേരക്കുട്ടികൾ ബ്രഹ്മാകുമാർ കുമാരിമാരാണ്. ബ്രഹ്മാവ് ശിവന്റെ ഒരേയൊരു മകനാണ്. നമ്മൾ വിഷ്ണുകുമാരി അഥവാ ശങ്കർ കുമാരി എന്ന് പറയാറില്ല. പ്രജാപിതാവ് എന്ന് ഒരേയൊരു ബ്രഹ്മാവിനെയാണ് പറയുന്നത്. ബാബ വളരെ സഹജമായി മനസ്സിലാക്കിത്തരുന്നു. ബ്രഹ്മാകുമാർ, കുമാരികളായി മാറി - ശിവബാബയിൽനിന്ന് സമ്പത്ത് എടുക്കുന്നതിനുവേണ്ടി. ശിവബാബ പറയുന്നു, മറ്റുള്ളവർക്കും മനസ്സിലാക്കികൊടുക്കൂ. ഓർമ്മിക്കുന്നത് തീർച്ചയായും ശിവബാബയെയായിരിക്കണം, ആരിലൂടെയാണോ സമ്പത്ത് കിട്ടുന്നത്. ബാക്കി ആരെ ഓർമ്മിച്ചാലും നരകത്തിന്റെ സമ്പത്താണ് കിട്ടുക- ഇത് മനസ്സിലാക്കേണ്ട കാര്യമാണ്. സമ്പത്ത് അച്ഛനിൽനിന്നല്ല, മുത്തച്ഛനിൽ നിന്നാണ് കിട്ടുന്നത്.

സ്വർഗ്ഗത്തിന്റെ രചയിതാവും ജ്ഞാനദാതാവും ശിവബാബയാണ്. ശിവബാബ ബ്രഹ്മാവിലൂടെ കേൾപ്പിക്കുന്നു, പിന്നെ ഈ ബ്രഹ്മാവും കേൾക്കുന്നുണ്ട്. ബ്രഹ്മാവിന്റെ ഏറ്റവും ആദ്യത്തെ കുട്ടിയായി സരസ്വതിക്ക് മഹിമയുണ്ട്. ബ്രഹ്മാകുമാരി സരസ്വതി ജഗദംബ എത്രമാത്രം മഹിമ പാടപ്പെടുന്നു. ശിവബാബയിൽനിന്നും ബ്രഹ്മാവിനെക്കാളും കൂടുതൽ സമ്പത്ത് പ്രാപ്തമാകുന്നു. അതുകൊണ്ടാണ് ആദ്യം ലക്ഷ്മീനാരായണൻ എന്ന് പാടപ്പെടുന്നത്. നിങ്ങൾക്കറിയാം, നമ്മൾ ആ ജഗദംബ, ജഗത് പിതാവിന്റെ കുട്ടികളാണ്, അപ്പോൾ എന്തുകൊണ്ട് ദാദയിൽനിന്ന് സമ്പത്ത് എടുത്തുകൂടാ. നമ്മൾ ബ്രഹ്മാകുമാർ കുമാരികൾ ദാദയുടെ പേരക്കുട്ടികളാണ്. അല്ലാതെ രണ്ടാമത്തെ മൂന്നാമത്തെ തലമുറകൾ ഇല്ല. ദാദയെ ആരാണ് ഓർമ്മിക്കാതിരിക്കുക? നിങ്ങൾക്കറിയാം നമ്മൾ എത്രമാത്രം ഓർമ്മിക്കുന്നുവോ അത്രയും

വികർമ്മം വിനാശമാകും. നിങ്ങൾക്ക് ആർക്കുവേണമെങ്കിലും മനസ്സിലാക്കികൊടുക്കാം ശിവപരമാത്മാവ് സ്വർഗ്ഗത്തിന്റെ രചയിതാവാണ്. രചിക്കുന്നത് ബ്രഹ്മാവിലൂടെയാണ്. പിന്നെ ബ്രഹ്മാകുമാരി കുമാരന്മാരോട് ബ്രഹ്മാവിലൂടെ പറയുന്നു, എന്നെയും സ്വർഗ്ഗത്തിന്റെ സമ്പത്തിനേയും ഓർമ്മിക്കൂ, ദേഹത്തിന്റെ സർവ്വസംബന്ധങ്ങളും മറക്കൂ. ഇങ്ങനെ പറയാറുണ്ട് – താങ്കൾ മരിച്ചാൽ ലോകവും മരിച്ചു. ആത്മാവ് ശരീരത്തിൽനിന്നും വേറെയാകുന്നു പിന്നെ ഒന്നും തന്നെ ബാക്കിയില്ല. ദേഹത്തിന്റെ അഭിമാനവും ഇല്ലാതാകുന്നു. നമ്മൾ ബാബയുടെ അടുത്ത് വന്നിരിക്കുന്നു, വീണ്ടും നമ്മൾ വെളുത്തവരായി മാറും. ഇപ്പോൾ കറുപ്പാണ്. ശ്യാമനും സുന്ദരനുമാകാനുമുള്ള നാടകമാണിത്. ആത്മാവ് പരിശുദ്ധവും മനോഹരവുമായി മാറുന്നു. ഇപ്പോൾ നിങ്ങളുടെ ആത്മാവ് കലിയുഗിയായി മാറി, അപ്പോൾ ശരീരവും ഇങ്ങനെ തന്നെയായി. സത്യയുഗത്തിൽ നിങ്ങൾ വെളുത്തതായിരുന്നു. ഒരു സുന്ദരനായ വഴിയാത്രക്കാരൻ വരുന്നു, വെളുത്തതാക്കി മാറ്റാൻ. ബാബയുടെ ആത്മാവ് സദാ വെളുത്തതാണ്. ഒരിക്കലും അഴുക്ക് പറ്റുന്നില്ല. കാരണം, ജനന-മരണ ചക്രത്തിൽ വരുന്നില്ല. എത്ര സഹജമായി മനസ്സിലാക്കിത്തരുന്നു. എന്നിട്ടും ഇങ്ങനെയുള്ള ദാദയെ മറന്ന് വിട്ടുപോകുന്നു. അതുകൊണ്ട് ബാബ പറയുന്നു, മഹാനിലും മഹാനായ വിഡ്ഢികളെയും ഇവിടെ കാണാം, സമർത്ഥരിൽ സമർത്ഥരേയും ഇവിടെ കാണാം. വിഡ്ഢികൾ ഇങ്ങനെയുമുണ്ട് അതിസഹജമായ രണ്ടു കാര്യങ്ങൾ മനസ്സിലാക്കാൻ കഴിയുന്നില്ല. കേവലം മനസ്സിലാക്കണം ഞാൻ ആത്മാവാണ്, ആ നിരാകാരനായ പരമാത്മാവ് നമ്മുടെ മുത്തച്ഛനാണ്. ഈ പ്രജാപിതാവിലൂടെ ശിവബാബ സമ്പത്ത് തരുന്നു. ബ്രഹ്മാവിനെ വിട്ടു, ദാദയെയും വിട്ടു എന്നാൽ സമ്പത്ത് കിട്ടുന്നതും ഇല്ലാതാകും. ബാബ എത്രമാത്രം സഹജമായി മനസ്സിലാക്കിത്തരുന്നു. നമ്മൾ ബ്രഹ്മാകുമാർ കുമാരിമാരാണ്. ബ്രഹ്മാ – വിഷ്ണു – ശങ്കർ സൂക്ഷ്മലോക നിവാസികളാണ്. അതിലും ബ്രഹ്മാവിനെ പ്രജാപിതാവ് എന്നു പറയുന്നു. സൂക്ഷ്മവതനത്തിൽ മനുഷ്യസൃഷ്ടി രചിക്കുന്നില്ല. ശങ്കർ-വിഷ്ണുവിനെ പ്രജാപിതാവെന്ന് പറയില്ല. പ്രജകളുടെ പിതാവ് തീർച്ചയായും ഇവിടെയാണുണ്ടാവുക. ബ്രഹ്മാവിന്റെ മുഖകമലത്തിലൂടെ ബ്രാഹ്മണർ ഉണ്ടാകുന്നു. ബ്രാഹ്മണരോടു ചോദിക്കൂ- നിങ്ങൾ ഏതു വംശാവലിയാണ്? ഇത് കേവലം മഹിമയാണ്, അല്ലാതെ അങ്ങിനെയൊന്നും ഇല്ല.

ഇപ്പോൾ നിങ്ങൾക്കറിയാം പരംപിതാ പരമാത്മാ ബ്രഹ്മാവിലൂടെ ദേവത, ക്ഷത്രിയധർമ്മം സ്ഥാപന ചെയ്യുന്നു, ഇതു ചെയ്യുന്നതും സംഗമയുഗത്തിലാണ്. സംഗമയുഗത്തിൽ ബ്രാഹ്മണർ തീർച്ചയായും വേണം. കലിയുഗാന്ത്യത്തിൽ ശൂദ്രനും. നിങ്ങൾ കുട്ടികൾക്ക് എത്ര നല്ലപോലെ മനസ്സിലാക്കിത്തരുന്നു. ശ്രീമത്ത് വളരെ പ്രശസ്ഥമാണ്. ശ്രീമത് ഭഗവത് ഗീത. മറ്റുള്ളവരിൽ നിന്ന് എന്ത് ജ്ഞാനം കേൾക്കാനാണ്? ശ്രീ ശ്രീ ജ്ഞാനം കേൾപ്പിച്ചിട്ടുണ്ടായിരിക്കും, ശ്രേഷ്ഠത്തിലും ശ്രേഷ്ഠമാക്കി കാണും. ഇപ്പോൾ നിങ്ങൾ പ്രാക്ടിക്കലായി ബി.കെ. ആയി മാറുന്നു. നിങ്ങൾ പറയുന്നു – ബാപ്ദാദാ, ഞങ്ങൾ കഴിഞ്ഞ കൽപവും അങ്ങയുമായി മിലനം ചെയ്തിരുന്നു, ഞങ്ങൾ ബാബയിൽനിന്ന് സമ്പത്ത് എടുക്കുന്നതിന് വന്നിരിക്കുന്നു. ശരി, ബാബയിലൂടെ എന്തായിട്ടായിരുന്നു മാറിയത് – സൂര്യവംശിയോ ചന്ദ്രവംശിയോ? ശ്രീനാരായണനെ വരിച്ചിരുന്നോ അതോ ശ്രീ രാമനെ വരിച്ചിരുന്നോ? പറയുന്നു ബാബാ, ഞങ്ങൾ ശ്രീ നാരായണനെ വരിക്കും. പിന്നെ മറന്നു പോകുന്നു, ആരാണോ എത്രയും യോഗ്യരാക്കുന്നത് അവരെ മറക്കുന്നു. ദാദയെയോ അച്ഛനേയോ ആരും തന്നെ മറക്കരുത്. പെട്ടെന്ന് വിട്ടുപോകുന്നു, ഓർമ്മിക്കുന്നില്ല. ജ്ഞാനത്തിന്റെ രണ്ടക്ഷരം ധാരണയുണ്ടാകുന്നില്ല. നമ്മൾ സത്ഗുരുവിന്റെ അഥവാ ദാദയുടെ പേരക്കുട്ടികളാണ്. പുരുഷാർത്ഥത്തിലൂടെ ബാബയിൽനിന്ന് സമ്പത്ത് എടുക്കുന്നു. ലൗകിക പിതാവിന്റെ സമ്പത്ത് ഭാഗിക്കുന്നു. ഇവിടെ ഭാഗിക്കാനുള്ള സാധനമല്ല, ഇതിന് പുരുഷാർത്ഥം ചെയ്യണം. ഇവിടെ ചന്ദ്രനിലോ മറ്റോ പ്ലോട്ട് വാങ്ങിക്കുക എന്നതിന്റെ ആവശ്യമില്ല. ഇവിടെ രാജപദവിയുടെ അധികാരിയാകും. പാർട്ട് ഇവിടെ തന്നെ അഭിനയിക്കണം. ചന്ദ്രനിലൊന്നും പോകേണ്ടതില്ല, ഇതിനെ സയൻസിന്റെ അഹങ്കാരം എന്നു പറയും. അതിയായ അഹങ്കാരത്തിൽ പോകുന്നതിലൂടെ വിനാശം പ്രാപിക്കുന്നു. എന്തൊക്കെയാണ് ഉണ്ടാക്കിയിരിക്കുന്നത്. ആയിരക്കണക്കിന്-ലക്ഷക്കണക്കിന് മൈലുകൾ ദൂരെ വരെ പോകുന്നു. അവർക്കറിയാം ഇത് ഏതുവരെ എത്തിയിരിക്കുന്നുവെന്ന്. മുകളിൽ ചന്ദ്രനിൽ എന്താണ്? ചന്ദ്രൻ ശീതളമാണ്. സൂര്യന്റെ മുന്നിൽ പോയാൽ കത്തിപ്പോകും. സയൻസിന്റെ എത്രമാത്രം അഹങ്കാരമാണ്. പേരും വച്ചിരിക്കുന്നു – റോക്കറ്റ്. ബാബ പറയുന്നു ആത്മാവാണ് ഏറ്റവും വലിയ റോക്കറ്റ്. എന്നാൽ അതൊരു ബിന്ദുവാണ്. അതിന് എന്ത് ഭാരം കാണും? ബിന്ദുവിൽ എത്രമാത്രം ജ്ഞാനമാണ്! ഒരു സെക്കന്റിൽ എവിടെനിന്നും എവിടെ വരെ പറക്കുന്നു. ബാബയെ ഓർമ്മിച്ചു സെക്കന്റിൽ പറന്നു. ഇതും വളരെ തീക്ഷ്ണബുദ്ധിയുള്ളവർക്കേ മനസ്സിലാക്കി മനസ്സിലാക്കികൊടുക്കാൻ കഴിയൂ. ശിവബാബയും ബിന്ദുവാണ്. ലിംഗസ്വരൂപം എന്നു പറയുന്നതിലൂടെ പറയും ഇത്ര വലിയ ആത്മാവ് ഇല്ല, പരമാത്മാവും ഇങ്ങനെയല്ല. പിന്നെ അവർ പറയുന്നു പരമാത്മാവ് ബ്രഹ്മമാണ്. ഒന്നും തന്നെ മനസ്സിലാക്കാൻ കഴിയുന്നില്ല. ഏതുവരെ സന്മുഖത്ത് വരുന്നില്ലയോ, അതുവരെ പരമാത്മാവിന്റെ നാമം രൂപം മുതലായവയെ

മനസ്സിലാക്കാൻ കഴിയില്ല. നമ്മൾ ശിവബാബയുടെ ചിത്രം കാണിക്കുന്നുണ്ടെങ്കിലും പക്ഷെ അങ്ങനെയൊന്നുമല്ല. ബാബ ബിന്ദുരൂപമാണ്, എന്നാൽ ബിന്ദുവിനെ എങ്ങനെ പൂജിക്കും, പുഷ്പം മുതലായവ എങ്ങനെ അർപ്പിക്കും? പൂജക്കുവേണ്ടി അമ്പലത്തിൽ വലിയ ശിവലിംഗം ഉണ്ടാക്കി, ഇതുവരെ ഭക്തിമാർഗ്ഗം നടന്നുവരുന്നത് ഇങ്ങനെയാണ്.

ശരി, ബാബ പറയുന്നു ആരുടെയെങ്കിലും ബുദ്ധിയിൽ ആ ജ്ഞാനം ഇരിക്കില്ലെങ്കിലും ഇത് മനസ്സിലാക്കാമല്ലോ, നമ്മൾ ബ്രഹ്മാകുമാർ കുമാരിമാരാണ്, ദാദയുടെ പേരകുട്ടികളാണ്. ഉയർന്നതിലും ഉയർന്നത് ശിവഭഗവാനാണ്. ശിവഭഗവാന്റെ രചനകളെ ഗോഡ് ഫാദർ എന്ന് പറയില്ല. നമ്മൾ മക്കളാണ്. ബാബ പറയുന്നു നിങ്ങൾ കുട്ടികളെ സ്വർഗ്ഗത്തിന്റെ അധികാരികളാക്കും. നിങ്ങൾക്കറിയാം നമ്മളും തമോപ്രധാനം കറുത്തവരായിരുന്നു, ബാബയിലൂടെ സതോപ്രധാനം, വെളുത്തവരായി മാറുന്നു. രാമനും വെളുത്തതായിരുന്നു. എന്നാൽ ശ്രീകൃഷ്ണനിൽനിന്നും 2 കല കുറവാണ്. രാമനും ഇപ്പോഴാണ് കറുപ്പായിരിക്കുന്നു. കൃഷ്ണനെ സർപ്പം കൊത്തിയെന്നു പറയാറുണ്ട്. എന്നാൽ അങ്ങനെയുള്ള കാര്യമൊന്നും ഇല്ല. കാമച്ചിതയിൽ കയറിയതുകാരണം കറുപ്പായി മാറിയതാണ്. ശ്യാമനും സുന്ദരനും ആകുന്നു. ഇനി സതോപ്രധാനമാകാൻ ബാബയെ ഓർമ്മിക്കണം. ഒരു സുന്ദരനായ വഴിയാത്രക്കാരൻ വരുന്നു വെളുത്തവരാക്കി മാറ്റാൻ. വിശ്വത്തിന്റെ അധികാരിയാക്കുന്നു. പറയുന്നു ബാബയെ ഓർമ്മിക്കൂ. ഓർമ്മിക്കാതിരുന്നാൻ സമ്പത്ത് എങ്ങനെ കിട്ടും. വികർമ്മം വിനാശമാകാൻ യോഗാഗ്നി വേണം. അടിക്കടി ഓർമ്മിക്കണം. ചിലർ കരുതുന്നു- നമ്മൾ കുട്ടികളല്ലേ. എന്നാൽ മുഴുവൻ ദിവസം ഓർമ്മിക്കാതിരുന്നാൽ വികർമ്മം എങ്ങനെ ഇല്ലാതാകും. സന്തോഷത്തിന്റെ ലഹരി കയറില്ല. 20 -25 വർഷമായവർക്കുപോലും ഈ കാര്യം ബുദ്ധിയിൽ ഇരിക്കുന്നില്ല. മറന്നുപോകുന്നു. പിന്നെ പഴയ ലോകത്തിൽ പോയി ഭാഗ്യത്തിനുമേൽ വരയിടുന്നു. മാതാ-പിതാവിന്റെ മടിയിൽ വന്നാലേ ഭാഗ്യം ആരംഭിക്കുകയുള്ളു. മമ്മാ ബാബാ എന്ന് പറയുന്നതിലൂടെ സ്വർഗ്ഗത്തിലേക്ക് അർഹരായി മാറി. പ്രജകളും പറയുന്നു നമ്മുടെ ഹിന്ദുസ്ഥാൻ വളരെ ഉയർന്നതാണ്. എന്നാൽ ഇത്രയും ഉയർന്നതാണെങ്കിൽ പിന്നെന്തിനു കടം വാങ്ങുന്നു. കറുത്തതായി എങ്ങനെ മാറി. ഇവിടെനിന്നും ഒരുപാടു ധനം കൊണ്ടുപോയി. വ്യവസായശാലകളിൽ നിന്നാണ് വരുമാനം ഉണ്ടാകുന്നത്. വ്യവസായശാലകൾ ഇല്ലെങ്കിൽ ജോലി എങ്ങനെ കിട്ടും. ജോലിയില്ലാതെ എങ്ങനെ പാലന ചെയ്യും? ദു:ഖിയായി മാറി അതുകൊണ്ട് ഭാരതത്തിനായി എത്ര യുക്തികൾ രചിച്ചിരിക്കുന്നു. കുട്ടികൾക്ക് ദു:ഖം ഉണ്ടാകരുത് അതിന് വേണ്ടിയാണ് ഈ യുക്തി. ഇവിടെനിന്നും എല്ലാവരും പുറത്തുപോകുന്നത് ജോലി ചെയ്യുന്നതിനാണ്. കാരണം പുറത്ത് പൈസ വളരെയധികം കിട്ടുന്നു. ബാബ പറയുന്നു എനിക്ക് മുള്ളുകളോടും ഇഷ്ടമാണ്. എല്ലാ പതീതരേയും പാവനമാക്കുന്നു. മുള്ളുകളേയും സ്നേഹിക്കുന്നു. മുള്ളുകളിൽ നിന്ന് പുഷ്പമായവരേയും സ്നേഹിക്കുന്നു. ഡ്രാമ അനുസരിച്ച് എല്ലാവർക്കും സത്ഗതി നൽകുന്നു. എല്ലാവരുടേയും സത്ഗതി ദാതാവ് രാമൻ.... അപ്പോൾ എല്ലാവരുടേയും സ്നേഹിയായില്ലേ. ഇതിൽ പുഷ്പവും ഉണ്ട് മുള്ളുകളും ഉണ്ട്. നിയമമനുസരിച്ച് സ്വർഗ്ഗത്തിന്റെ സ്ഥാപന നടത്തുന്നു, അതിലേക്ക് അർഹരാക്കുകയും ചെയ്യുന്നു. പറയുന്നുണ്ടല്ലോ പതീതപാവനാ വരൂ. വന്ന് പാവനമാക്കൂ. ഇപ്പോൾ നിങ്ങൾക്കറിയാം പതീതപാവനനായ ബാബ വന്നു. വിശേഷിച്ച് ഭാരതത്തെ, പൊതുവെ ലോകത്തെയും പാവനമാക്കി മാറ്റുന്നു. സർവ്വോദയ ലീഡർ എന്ന പേര് വച്ചിരിക്കുന്നു. ഇങ്ങനെയും സ്വയത്തിന് പേര് വെക്കുന്നു, ശ്രീ ശ്രീ 108 എന്ന് പറയുന്നത് പോലെ. സർവ്വ അർത്ഥം എല്ലാവരും. ഏതൊരു മനുഷ്യനും സർവ്വരുടേയും സത്ഗതി ചെയ്യാനാവില്ല. ശരി.

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും സുപ്രഭാതവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണക്കുള്ള മുഖ്യ സാരം:-

1) ദേഹബോധത്തെ മറക്കുന്നതിനുവേണ്ടി ജീവിച്ചിരിക്കെ മരിക്കണം. താങ്കൾ മരിച്ചാൽ ലോകം മരിച്ചു. ഇടക്കിടക്ക് ഈ ദേഹത്തിൽനിന്നും വേറിടുന്നതിനുള്ള പ്രാക്ടീസ് ചെയ്യണം.

2) നമ്മൾ ദാദയുടെ പേരകുട്ടികളാണ്. നമുക്ക് യോഗ്യരായി മാറി ബാബയിൽനിന്നും പൂർണ്ണ സമ്പത്ത് എടുക്കണം. ആത്മാവിനെ യോഗബലത്തിലൂടെ പാവനമാക്കി മാറ്റണം. സന്തോഷത്തോടെയിരിക്കണം.

**വരദാനം:– അശാന്തി അല്ലെങ്കിൽ കോലാഹലത്തിന്റെ ഇടയിലും ശാന്തി കുണ്ഡത്തിന്റെ അനുഭൂതി ചെയ്യിക്കുന്ന ശാന്തി സ്വരൂപരായി ഭവിക്കൂ**

എപ്പോൾ ഏതെങ്കിലും സ്ഥാനത്ത് കോലാഹലമുണ്ടാകുന്നോ, അപ്പോൾ ആ ബഹളത്തിന്റെ സമയം ശാന്തിയുടെ ശക്തിയുടെ അദ്ഭുതം കാണിക്കൂ. എല്ലാവരുടെയും ബുദ്ധിയിൽ വരണം, ഇവിടെ ശാന്തിയുടെ കുണ്ഡമാണ്, ശാന്തികുണ്ഡമായി ശാന്തിയുടെ ശക്തി പരത്തൂ, ശാന്തി സ്വരൂപമായി ശാന്തി കുണ്ഡത്തിന്റെ അനുഭവം ചെയ്യിക്കൂ. ആ സമയം വാചാ സേവനം ചെയ്യാൻ സാധിക്കില്ല എന്നാൽ മനസ്സിലൂടെ ശാന്തി കുണ്ഡത്തിന്റെ പ്രത്യക്ഷത ചെയ്യാൻ സാധിക്കും. എല്ലാവർക്കും തരംഗങ്ങൾ ലഭിക്കണം ഇവിടെ നിന്ന് ശാന്തി ലഭിക്കും. അതുകൊണ്ട് ഇങ്ങനെയുള്ള വായുമണ്ഡലമുണ്ടാക്കൂ.

**സ്ലോഗൻ:– സ്വയത്തിന്റെയും സർവ്വരുടെയും ചിന്തകളെ ഇല്ലാതാക്കുന്നത് തന്നെയാണ് ശുഭ ചിന്തകനാകുക.**